# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2289 18.06.2014 - ൽ മറുപടിയ്ക്ക്

## സർക്കാർ ആശുപത്രികളിലെ സേവനത്തിന്റെ ഗുണനിലവാരം

| ചോദ്യം<br>ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീമതി. കെ. കെ. ലതിക<br>ശ്രീ. എ.എം. ആരിഫ് | മറുപടി<br>ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| (എ) മെഡിക്കൽ കോളേജുകളുൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലെ സേവനത്തിന്റെ ഗുണനിലവാരം ആശങ്കാജനകമായ രീതിയിൽ മോശമായിക്കൊണ്ടിരിക്കുകയാണെന്ന് മനസ്സിലാക്കിയിട്ടുണ്ടോ; | (എ) സർക്കാർ ആശുപത്രികളെ സംബന്ധിച്ച് ഇത്തരമൊരു സ്ഥിതി നിലവിലില്ല. |
| (ബി) മൂവാറ്റുപുഴ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നടന്ന സംഭവത്തിന്റെയും നെയ്യാറ്റിൻകര ജില്ലാ ആശുപത്രിയിലും കോഴിക്കോട് മെഡിക്കൽ കോളേജിലും നടന്ന ഗുരുതരമായ ചികിത്സാ പിഴവിന്റെയും അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കുകയുണ്ടായോ; | (ബി) ഇപ്രകാരമുള്ള ഒറ്റപ്പെട്ട സംഭവങ്ങൾ വിശദമായി അന്വേഷിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പിന് കീഴിലുള്ള മൂവാറ്റുപുഴ ജനറൽ ആശുപത്രിയിലും, നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലും, നടന്ന ചികിത്സാപിഴവിന്റെ അടിസ്ഥാനത്തിൽ വിശദമായ വകുപ്പുതല അന്വേഷണം നടത്തുകയും അതിൽ ഉൾപ്പെട്ട ഡോക്ടർമാരെ സസ്പെന്റ് ചെയ്യുകയും അവരെ സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സംഭവങ്ങളിൽ ഉൾപ്പെട്ടവർക്കെതിരെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു. |
| (സി) മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കേന്ദ്ര ഫണ്ടുപോലും സമയബന്ധിതമായി വിനിയോഗിക്കാൻ പരാജയപ്പെട്ടതാണ് ഈ ദുസ്ഥിതിക്ക് കാരണമെന്ന് കരുതുന്നുണ്ടോ; | (സി) മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യത്തിനായുള്ള കേന്ദ്ര ഫണ്ട് സമയബന്ധിതമായി വിനിയോഗിച്ച് പല തരത്തിലുള്ള അടിസ്ഥാന സൗകര്യവികസന പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. |
| (ഡി) സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ? | (ഡി) അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി പ്ലാൻ ഫണ്ട് ഉപയോഗിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കളില്ലാത്ത ജില്ലകളിൽ പുതുതായി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ തുടങ്ങുകയും താലൂക്കാശുപത്രികളിൽ പുതിയ മെറ്റേണിറ്റി യൂണിറ്റുകൾ തുടങ്ങുകയും ഉണ്ടായി. ട്രെയിനിംഗ് സൗകര്യമൊരുക്കുന്നതിനായി തൈക്കാട് |

ട്രെയിനിംഗ് സെന്ററിന് 2011-2013 എസ്.ഡി.ജി. യിൽ ഉൾപ്പെടുത്തി 7 കോടി രൂപ അനുവദിക്കുകയുണ്ടായി. മേജർ കൺസ്ട്രക്ഷൻ അണ്ടർ ഡി.എച്ച്.എസ്. ന്റെ ഭാഗമായി മാനസികാരോഗ്യകേന്ദ്രങ്ങളുടെ വികസനത്തിനും ആശുപത്രികളിൽ ഡി അഡിക്ഷൻ സെന്ററുകൾ തുടങ്ങുവാനുള്ള പദ്ധതി ആരംഭിച്ചു. ക്യാപ്പിറ്റൽ ഹെഡിൽ ഉൾപ്പെടുത്തി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും താലൂക്ക് / ജില്ലാ ആശുപത്രികളിലും അടിസ്ഥാന വികസന സൗകര്യമൊരുക്കുന്നതിനായി പദ്ധതികൾ തുടങ്ങുകയും ചെയ്തു. 13-മത് ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി ആശുപത്രികളിലെ ലാബുകളുടെ വികസന സൗകര്യത്തിന് 10 കോടി രൂപ അനുവദിക്കുകയും ചെയ്തു. കൂടാതെ ട്രോമാ കെയർ യൂണിറ്റുകൾ, ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം, ജെറിയാടിക് ക്ലിനിക് പാലിയെറ്റീവ് ക്ലിനിക്ക് എന്നീ പദ്ധതികൾ ആരംഭിക്കുകയും ചെയ്തു.

അസെറ്റ് മെയിന്റനസ് ഫണ്ട് ഉപയോഗിച്ച് സ്പെഷ്യാലിറ്റി ആശുപത്രികളിലും ജനറൽ ആശുപത്രികളിലുമുള്ള മെയിന്റനൻസ് പുനരുദ്ധാരണ പ്രവർത്തനങ്ങൾ എന്നിവ നടത്തുകയുണ്ടായി. കാരുണ്യാ ബെനവലന്റ് ഫണ്ടുപയോഗിച്ച് ആരോഗ്യവകുപ്പിന്റെ 27 സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങുവാനും ഉത്തരവായിട്ടുണ്ട്.

സർക്കാർ മെഡിക്കൽ കോളേജുകളെ സംബന്ധിച്ച്, അമ്പതുകളിൽ നിർമ്മാണം നടത്തിയ വാർഡുകളാണ് പല ആശുപത്രികളിലും നിലവിലുണ്ടായിരുന്നത്. അസെറ്റ് മെയിന്റനസ് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് എല്ലാ മെഡിക്കൽ കോളേജുകളിലും ഐ.പി/ ഒ.പി. വാർഡുകൾ നവീകരിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ആലപ്പുഴ, തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജുകളിൽ 400-800 കിടക്കകളോടു കൂടിയ ഐ.പി ബ്ലോക്കുകൾ നിർമ്മിച്ചിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷത്തിലും 30 മുതൽ 50 കോടി വരെ രൂപ ചെലവഴിച്ച് മെഡിക്കൽ കോളേജുകൾക്കായി ചികിത്സാ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. ഇത്തരത്തിൽ നിരവധി പ്രവർത്തനങ്ങൾ ഈ സർക്കാരിന്റെ കാലത്ത് സർക്കാർ മെഡിക്കൽ കോളേജുകളിൽ നടത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ